(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ട എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന IWAI വഴി 2015 ആദ്യത്തോടുകൂടി പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

അവയവദാനം

26 (*236) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവയവദാനം സംബന്ധിച്ച നിലവിലുള്ള നിയമവ്യവസ്ഥകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) അവയവദാനമേൽനോട്ട സമിതിയുടെ ഘടനയും പ്രവർത്തനരീതിയും വ്യക്തമാക്കാമോ ;

(സി) സമിതി തീരുമാനങ്ങൾക്ക് കാലതാമസം വരുന്നത് ഈ പദ്ധതിയുടെ ഗുണഫലത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ 1994-ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്ട്, 2011-ലെ മനുഷ്യ അവയവങ്ങളുടെയും കലകളുടെയും മാറ്റിവയ്ക്കൽ (ഭേദഗതി) ആക്ട് എന്നിവ അനുശാസിക്കുന്ന പ്രകാരമാണ് സംസ്ഥാനത്ത് അവയവദാനപ്രക്രിയ നടത്തിവരുന്നത്.

(ബി) അവയവദാന നടപടിക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ ആരോഗ്യ കുടുംബക്ഷേമവകുപ്പ് സെക്രട്ടറി ചെയർമാനായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായിട്ടുമുള്ള സംസ്ഥാനതല ആതറൈസേഷൻ കമ്മിറ്റിയും പ്രാദേശികതലത്തിൽ 5 സർക്കാർ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതാത് മെഡിക്കൽ കോളേജുകളുടെ പ്രിൻസിപ്പൽ ചെയർമാനായിട്ടുള്ള ജില്ലാതല ആതറൈസേഷൻ കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു. 1994-ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്ടിലെ പ്രധാന പരിഗണനാ വിഷയമായ മനുഷ്യാവയവങ്ങളുടെ വ്യാപാരം തടയൽ മുഖ്യലക്ഷ്യമാക്കിയാണ് പ്രസ്തുത കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. അടുത്ത ബന്ധുക്കൾ അല്ലാത്തവർ തമ്മിലുള്ള അവയവദാനം മാത്രമാണ് ഈ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നത്.

(സി) ആതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കാനാണ് മേഖലാതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. അവയവ ദാനരംഗത്തെ നടപടിക്രമങ്ങൾ സുതാര്യവും അഴിമതിരഹിതവും കച്ചവട താൽപ്പര്യങ്ങൾക്ക് അതീതവുമായി നിലനിർത്തുന്നതിന് വേണ്ടിയാണ് പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഈ മേഖലയിലെ സുതാര്യവും കച്ചവടരാഹിത്യവും ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള ആതറൈസേഷൻ കമ്മിറ്റികൾ അത്യന്താപേക്ഷിതമാണ്.

ഐസ്ക്രീം, ഐസ്ക്രീം പൗഡർ, കോളകൾ, സോഡ തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ

27 (*237) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐസ്ക്രീം, ഐസ്ക്രീം പൗഡർ, കോളകൾ, സോഡ തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് സമ്പ്രദായം നിലവിലുണ്ടോ ;

(ബി) എങ്കിൽ നിയമാനുസൃത ലൈസൻസ് ഇല്ലാതെയും ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന അത്തരം സ്ഥാപനങ്ങൾ കണ്ടെത്താനും നിയമ നടപടി സ്വീകരിക്കാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാന മെന്താണെന്ന് വിശദമാക്കുമോ ;

(സി) 2013-14 വർഷങ്ങളിൽ ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനത്തിന് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ?